# സ്വാശ്രയനിയമം: നിയന്ത്രണമല്ല സ്വാതന്ത്ര്യമാണ് അഭികാമ്യം

**ബിഷപ് തോമസ് ചക്യത്ത്,**
ചെയർമാൻ, കെ.സി.ബി.സി. മാധ്യമ കമ്മീഷൻ

സ്വാശ്രയനിയമവും കോടതിവിധികൾക്കായുള്ള കാത്തിരിപ്പും മാധ്യമങ്ങളിൽ നിറംചേർത്ത വാർത്തകളും വിവരമുള്ളവർ വിവരമില്ലാത്ത രീതിയിൽ നടത്തുന്ന വാചകമേളകളും വിശദീകരണയോഗങ്ങളും സെമിനാറുകളും കേരളരാഷ്ട്രീയത്തിലും സമൂഹത്തിലും കോളിളക്കങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. കേരളജനത തങ്ങളുടെ ജനപ്രതിനിധികളായി തെരഞ്ഞെടുത്ത് അസംബ്ലിയിലേയ്ക്കയച്ച സാമാജികരെല്ലാംകൂടി പാസ്സാക്കിയ നിയമത്തെയാണു ന്യൂനപക്ഷാവകാശ ധ്വംസനത്തിന്റെയും അനീതിപരമായ ഫീസ്ഘടനയുടെയും പേരിൽ സ്വകാര്യമാനേജുമെന്റുകൾ എതിർക്കുന്നത്. അവരുടെ കൂട്ടത്തിൽ കേരള വിദ്യാഭ്യാസമേഖല യിൽ ഏറ്റവും കൂടുതൽ സംഭാവനകൾ നല്കിക്കൊണ്ടിരിക്കുന്ന സഭാനേതൃത്വവും ഉണ്ടെന്നുള്ളതു നാടു ഭരിക്കുന്ന കമ്യൂണിസ്റ്റ് ഭരണകൂടത്തിന് അല്പംകൂടി ജനവികാരം ഇളക്കിവിടാൻ സഹായകരമായതുപോലെയുണ്ട്. ജന്മികളും കുടിയാന്മാരും ഉണ്ടായിരുന്ന കേരള സമൂഹത്തിൽ നീതി നടപ്പാക്ാകൻ ജന്മികൾക്കെതിരെ കുടിയാന്മാരെ ഇളക്കിവിടാൻ വിപ്ലവകരമായ ആശയങ്ങളും സമരങ്ങളും സംഘടിപ്പിച്ചു പരിചയമുള്ള കമ്യൂണിസ്റ്റുകാർ സ്വാശ്രയനിയമത്തിലൂടെ അനീതി നടപ്പാക്കാൻ ക്രൈസ്തവസമൂഹങ്ങളെയും വിശ്വാസികളെയും ഏതാണ്ടു മെത്രാന്മാരെയും വൈദികരെയും ജന്മികളായും അ ല്മായരെ കുടിയാന്മാരായും ഭിന്നിപ്പിക്കുന്ന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുകയാണ്. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് എന്നും ഒരു കടുത്ത ശത്രുവുണ്ടെങ്കിലേ വളരാൻ സാധിക്കൂ. അത്തരമൊരു ശത്രുവിന്റെ അഭാവം തീസീസ് - ആന്റിതീസീസ് തിയറിക്കെതിരാണ്. അ തില്ലാത്തപ്പോൾ അത്തരം ഒരു ശത്രുവിനെസൃഷ്ടിച്ചെടുക്കുകയും ചെയ്യും. സ്വാശ്രയനിയമത്തിലൂടെ കേരളത്തിൽ കമ്യൂണിസ്റ്റ് ബുദ്ധിജീവികൾ അത്തരമൊരു പ്രയോഗമാണു നടത്തിക്കൊണ്ടിരിക്കുന്നത്.

പ ക്ഷേ, സ്വാശ്രയനിയമക്കാര്യത്തിൽ സഭയെ ഒന്നടങ്കം ആക്ഷേപിക്കുന്ന പരിപാടിക്ക് ഈ നാട്ടിലെ ജനങ്ങളുടെ പിന്തുണ ലഭിക്കുമെന്നു തോന്നുന്നില്ല. പാവങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി അ ഹോരാത്രം പണിയെടുക്കുന്ന സഭയുടെ പ്രവർത്തനങ്ങൾ സ്വാശ്രയകോളജുകളിൽ മാത്രം ഒതുങ്ങുന്നതല്ല. മറ്റൊരർത്ഥത്തിൽ, സ്വാശ്രയ കോളജുകൾ പരോപകാരപ്രവൃത്തികളിൽ നവീനമായ കർമ്മരംഗം മാത്രമാണ്.

ഏതൊരു അസംബ്ലിക്കും ജനോപകാരപ്രദമെന്നു കരുതുന്ന നിയമങ്ങൾ പാസ്സാക്കാൻ അവകാശമുണ്ട്. പക്ഷേ, അതു പരിഗണിക്കുന്നതിനുമുമ്പ് ആ നിയമവുമായി ബന്ധപ്പെട്ട വ്യക്തികളോടും പ്രസ്ഥാനങ്ങളോടും കൂടിയാലോചനനടത്തുന്നതു ജനാധിപത്യപരവും നിയമം നടപ്പാക്കൽ സുഗമമാക്കുകയും ചെയ്യും. അത്തരം നീണ്ടു ചർച്ചകളോ സംവാദങ്ങളോ നടത്താതെ പാസ്സാക്കുന്ന ഏതൊരു നിയമത്തെയും ഒരു ജനാധിപത്യരാജ്യത്തു നിയമം വഴി ചോദ്യം ചെയ്യും. കോടതിയുടെ വിധിപ്രകാരം നിയമത്തിൽ ഭേദഗതികൾ വരുത്തുന്നതു സ്വാഭാവികമാണ്. ഇവിടെ വിദ്യാഭ്യാസമന്ത്രി കൊണ്ടുവന്ന നിയമം അപ്പാടേ സ്വീകരിച്ചുകൊണ്ട് അതു മുഴുവനും സ്വകാര്യ മാനേജുമെന്റു നടപ്പിലാക്കണമെന്നു പിടിവാശി പിടിക്കുന്നതു ജനാധിപത്യത്തിന് ഒട്ടും യോജിച്ചതല്ല. നിയമത്തിലെ ന്യൂനപക്ഷാവകാശ ധ്വംസനത്തിനെതിരെയും അനീതിപരമായ ഫീസ് ഘടനയ്ക്കെതിരെയും കോടതിയിൽ പോയതിന്റെ പേരിൽ ഒട്ടും അഭികാമ്യമല്ലാത്തവിധം മന്ത്രിമാർ സഭാനേതൃത്വത്തെ നാടു മുഴുവൻ നടന്നു ചീത്തപറയുന്നതും കുലീനതയല്ല. അത് ഈ നാട്ടിലെ ജനാധിപത്യവിശ്വാസികൾക്ക് ഒട്ടും സ്വീകാര്യമല്ലാത്ത വഴിയാണ്.

സ്വാശ്രയനിയമത്തിലൂടെ ഈ നാട്ടിലെ പ്രൊഫഷണൽ വിദ്യാഭ്യാസമേഖലയിൽ നീതി ഉറപ്പവരുത്താനുള്ള ശ്രമമാണു ഇടതുപക്ഷസർക്കാർ നടത്തുന്നതെന്നാണു വാദം. ഈ സാമൂഹികനീതിയെ നിർവ്വചിക്കാൻ അവർക്കു

സാധിക്കുന്നില്ല എന്നതാണു സത്യം. ഏതൊരു പദ്ധതി ആവിഷ്കരിക്കുമ്പോഴും ഒരു സമൂഹത്തിലെ ഏറ്റവും നിർദ്ധനർക്ക് എന്തു നേട്ടമുണ്ടാകും എന്ന ചോദ്യം ചോദിക്കണമെന്നു മഹാത്മാഗാന്ധി പറഞ്ഞിട്ടുണ്ട്. സ്വാശ്രയനിയമത്തിൽ ഈ ചോദ്യത്തിന് എന്തെങ്കിലും പ്രസക്തിയുണ്ടോ? ഇതു പൊളിയുന്നതു സംവരണതത്ത്വത്തിൽത്തന്നെയാണ്. ഇന്നു സംവരണംവഴി സർക്കാർ പ്രൊഫഷണൽ കോളജുകളിലും സ്വകാര്യ കോളജുകളിലും പ്രവേശനം ലഭിക്കുന്ന എത്ര കുട്ടികൾ നിർദ്ധനരാണ്? യഥാർത്ഥത്തിൽ നിർദ്ധനരായ കുട്ടികൾക്കു പ്രൊഫഷണൽ കോളജു പ്രവേശനത്തിന് ആവശ്യമായ 'യോഗ്യതാപരീക്ഷ'യ്ക്കനുകൂലമായ സാഹചര്യമുണ്ടോ? എൻട്രൻസ് പരീക്ഷയ്ക്കു വേണ്ടി പരിശീലനം കിട്ടുന്നതു താഴ്ന്ന വർഗ്ഗത്തിൽപ്പെട്ടവരായാലും മദ്ധ്യവർഗ്ഗത്തിൽപ്പെട്ടവരായാലും നല്ല വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്കാണ്. ഗവൺമെന്റ് പരീക്ഷയിലൂടെ മെറിറ്റ് അടിസ്ഥാനത്തിൽ വരുന്ന കുട്ടികളാരും ഈ നാട്ടിലെ പാവപ്പെട്ടവന്റെ കുട്ടികളല്ല എന്നതു പകൽപോ ലെ തെളിയുന്ന സത്യമാണ്. അ പ്പോൾപ്പിന്നെ ആർക്കുവേണ്ടിയാ ണു സ്വാശ്രയനിയമത്തിലെ വ്യവസ്ഥകൾ? ഈ നിയമം ഏതെങ്കിലും തരത്തിൽ പാവപ്പെട്ടവർക്കുവേണ്ടിയാണെന്ന് ബോധമുള്ളവർക്കാർക്കും ചിന്തിക്കാനാവില്ല. സുപ്രീംകോടതി നിഷേധിച്ചിരിക്കുന്ന ക്രോസ് സബ്സിഡിയിലൂടെ എൻ.ആർ.ഐ. വിഭാഗത്തിൽപ്പെടുത്തി 15 ശതമാനം പേരിൽനിന്നും വളരെ ഉയർന്ന ഫീസ് വാങ്ങി അവരുടെ ചെലവിൽ മറ്റുള്ളവരെ പഠിപ്പിക്കണമെന്നു പറയുന്നതിലെ നീതിബോധവും ആർക്കും മനസ്സിലാകുന്നില്ല.

വിദ്യാഭ്യാസത്തിന് ഒരു കവച്ചവടത്തിന്റെ സ്വഭാവം ഉണ്ടാകാമോയെന്ന ചോദ്യം വ്യാപകമായി ഉന്നയിക്കപ്പെടുന്നുണ്ട്. വിദ്യാഭ്യാസമേഖല ഒരു ശുശ്രൂഷയുടെ മേഖലയായിത്തന്നെ കാണുന്നതാണ് ഉത്തമം. മക്കൾക്ക് ആവശ്യമായ വിദ്യാഭ്യാസം കൊടുക്കുകയെന്നത് ആത്യന്തികമായി മാതാപിതാക്കളുടെ ഉത്തരവാദിത്വവും അവകാശവുമാണ്. അവരെ സഹായിക്കാനുള്ള കടമയാണു ഗവൺമെന്റിനുള്ളത്. ഇതിന്റെ ഭാഗമായിട്ടാണല്ലോ നികുതിപ്പണം ഉപയോഗിച്ചു വിദ്യാഭ്യാസം നല്കപ്പെടുന്നത്. ഇതൊരു ദാനമായി കണക്കാക്കപ്പെടുന്നതു ശരിയല്ല. സംസ്ഥാനത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും അവകാശപ്പെട്ടതാണിത്.

സർക്കാരിന്റെ നിയന്ത്രണത്തിൽ നടത്തപ്പെടുന്ന മിക്കവാറും വിദ്യാലയങ്ങളുടെ നിലവാരം വളരെ ശോചനീയമാണ്. വർഷംതോറും പരീക്ഷാഫലങ്ങൾ പുറത്തുവരുമ്പോൾ ഈ സത്യം വ്യക്തമാക്കപ്പെടുന്നു. മാറിമാറി വരുന്ന ഗവൺമെന്റുകളുടെ കെടുകാര്യസ്ഥതയുടെ ഫലമാണിത്. ഇത്തരം വിദ്യാലയങ്ങൾക്കു ചുറ്റും ട്യൂഷൻ സെന്ററുകളും ട്യൂട്ടോറിയൽ കോളജുകളും തുടങ്ങാൻ ഇടവന്നതിന്റെ കാരണം വ്യക്തമാണല്ലോ. സ്വാശ്രയ വിദ്യാഭ്യാസമെന്ന സങ്കല്പം ദീർഘമായ ഇടവേളയ്ക്കുശേഷം വീണ്ടും പ്രത്യക്ഷപ്പെടാൻ തുടങ്ങിയതിന്റെ ചരിത്രം നല്കുന്ന സൂചനകൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്. കുട്ടികൾക്കു നന്നായി പഠിച്ചു വളരണമെങ്കിൽ പണം മുടക്കി പഠപ്പിക്കണമെന്നു രക്ഷകർത്താക്കൾ മനസ്സിലാക്കി. അങ്ങനെനാട്ടിലുടനീളം സ്വാശ്രയാടിസ്ഥാനത്തിൽ സി.ബി.എസ്.ഇ. ഐ.സി.എസ്.ഇ. തുടങ്ങിയ സ്ഥാപനങ്ങളുണ്ടായി. കൂടുതൽ പണമുള്ളവർ അന്യസംസ്ഥാനങ്ങളിൽ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം തേടിപ്പോയി. പല രാഷ്ട്രീയ നേതാക്കളുടെയും മന്ത്രിമാരുടെയും കുട്ടികൾ അക്കൂട്ടത്തിൽപ്പെടുമെന്നാണു പത്രറിപ്പോർട്ടുകൾ.

പള്ളിയോടൊപ്പം പള്ളിക്കൂടങ്ങൾ സ്ഥാപിച്ച ക്രൈസ്തവർ ഇന്ന് ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുമ്പോൾ വിശ്വാസികളുടെ മനസ്സിൽക്കിടക്കുന്ന 'സൗജന്യ'വിദ്യാഭ്യാസം എന്ന ചിന്തയിലും മാറ്റം വരണം. വിദ്യാഭ്യാസം പ്രൈമറി തലത്തിൽ സൗജന്യമായി നല്കുന്നതുപോലെ പ്രൊഫഷണൽ മേഖലയിൽ അതു പ്രായോഗികമല്ല. പ്രൊഫഷണൽ കോളജ് നടത്തിപ്പിനു വേണ്ട കെട്ടിടം, അടിസ്ഥാനസൗകര്യങ്ങൾ, ഉപകരണങ്ങൾ, ലൈബ്രറികൾ, ലാബുകൾ തുടങ്ങിയവയൊക്കെ സജ്ജീകരിക്കണമെങ്കിൽ വൻതുക തന്നെ ആവശ്യമാണ്. പള്ളിക്കൂടങ്ങൾ കെട്ടിപ്പൊക്കിയതുപോലെ ഇത്തരം സ്ഥാപനങ്ങൾ പണിയുവാൻ സഭാവിശ്വാസികളുടെ സംഭാവനകൾ ലഭിക്കുകയില്ലായെന്നു മാത്രമല്ല അവരിൽ നിന്നും അതു സ്വീകരിക്കുന്നതും ന്യായമല്ല. ഈ സാഹചര്യത്തിൽ സ്വാശ്രയസ്ഥാപനങ്ങളിൽ വരുന്ന കുട്ടികളുടെ പക്കൽ നിന്നും അതിനുള്ള തുക കണ്ടെത്തലാണ് ഏറ്റവും നീതിയുക്തമായ കാര്യം. ചെലവിന് അനുസൃതമായ ഫീസ് നിശ്ചയിക്കലായിരിക്കും അഭികാമ്യം.

ഉന്നത വിദ്യാഭ്യാസത്തിനു സ്വന്തം പുരയിടംപോലും വിറ്റ് അന്യസംസ്ഥാനങ്ങളിലും വിദേശത്തുപോലും മക്കളെ അയയ്ക്കുന്ന മാതാപിതാക്കൾ ലക്ഷ്യംവയ്ക്കുന്നതു മക്കളുടെ ഉന്നതമായ ഭാവിയാണ്. നൂറു ശതമാനം സാക്ഷരരായിരുന്നിട്ടും പ്രൊഫഷണൽ, ഐ.ടി. മേഖലയിൽ കേരളീയർക്ക് അധികം കടന്നുചെല്ലാൻ സാധിക്കാത്ത ഒരു അവസ്ഥ എങ്ങനെഇവിടെയുണ്ടായി എന്ന് ആരും ചോദിക്കാറില്ല. നമ്മുടെ അയൽസംസ്ഥാനങ്ങൾ സ്വാശ്രയമേ

ഖലയിലേക്ക്, പ്രൊഫഷണൽ വിദ്യാഭ്യാസം വിട്ടുകൊടുത്തപ്പോൾ കേരളത്തിൽ മാറി മാറിവന്ന സർക്കാരുകൾ അത്തരമൊ രു ഭാവാത്മകമായ സമീപനത്തിൽ നിന്നും അകന്നുനിന്നു. അതിന്റെ തിക്തഫലമായിരുന്നു തമിഴ്നാട്ടി ലെയും കർണ്ണാടകയിലെയും കൂണുപോലെ മുളച്ചുവന്ന സ്വകാര്യസ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾപോ ലുമില്ലാത്ത സാഹചര്യത്തിൽ ലക്ഷങ്ങൾ കൊടുത്ത് ഉന്നത വിദ്യാഭ്യാസത്തിനായി നമ്മുടെ കുട്ടികൾ നെട്ടോട്ടമോടി യത്; അത് ഇന്നും തുടുരുന്നു.

ഇനി ഭൂസ്വത്തിലല്ല കാര്യം അത്യാധുനിക സമൂഹത്തിൽ പിടിച്ചുനില്ക്കണെങ്കിൽ അത്യാവശ്യം സാ ങ്കേതിക അറിവാണ് എന്ന സ്ഥിതി സംജാതമായി. ഭൂമിവിറ്റു മക്കൾക്ക് ഉന്നത വിദ്യാഭ്യാസം നല്കുന്നതാണു മെച്ചമെന്ന സ്ഥിതിവന്നു. ഈ പശ്ചാത്തലത്തിൽ സ്വാശ്രയസ്ഥാപനങ്ങളെക്കുറിച്ച് ഒരു പുനർവിചിന്തനമാണ് ആവശ്യം. 'വിദ്യാ ധനം സർവ്വധനാൽ പ്രധാനം' എന്ന ചൊല്ലിനു പുതിയ അർത്ഥവ്യാപ്തി കല്പിക്കേണ്ടതായി വന്നിരിക്കുന്നു. പണമു ള്ളവൻ മാർക്കറ്റിൽ നിന്നും തനിക്ക് ഇഷ്ടമുള്ളതു വാങ്ങുന്നതുപോലെ അറിവും വാങ്ങിയാൽ അതിലെന്താണ് അപാകത? അതാണല്ലോ എല്ലാ വർഷവും ജൂൺ മുതൽ ആഗസ്റ്റ്വരെ കേരള ത്തിൽ സ്വാശ്രയ കോളജ് പ്രതിസന്ധി ഉണ്ടാകുമ്പോൾ നമ്മുടെ വിദ്യാർത്ഥികൾ മറ്റു സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നത്. വലിയ സമ്പന്നർ വിദേശങ്ങ ളിൽനിന്നും വലിയ വിലകൊടുത്ത് അറിവു വാങ്ങാൻ തയ്യാറാകുന്നു.

വോട്ടുബാങ്കുൾ മാത്രം ലക്ഷ്യം വയ്ക്കുന്ന രാഷ്ട്രീയക്കാർ ഇത്തരം നിയമങ്ങൾ പാസ്സാക്കുമ്പോൾ മറന്നുപോ കുന്ന മറ്റൊരു സത്യമുണ്ട്. സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവർക്കു സംവരണമുണ്ട്; ഏറ്റവും വലിയ സമ്പന്നർക്കു തങ്ങളുടെ മക്കളെ വിദേശങ്ങളിലയയ്ക്കാൻ പ്രാപ്തിയുണ്ട്. സ്വാശ്രയനിയമത്തിന്റെ ഊരാക്കുടുക്കിൽപ്പെട്ടു ശ്വാസംമുട്ടുന്നവർ മദ്ധ്യവർഗ്ഗത്തിൽപ്പെട്ടവരാണ്. കേരളത്തിലും ഇന്ത്യയിലും ഇക്കൂട്ടർ വർദ്ധിച്ചുവരുന്നുണ്ടെന്ന താണു കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ മക്കളുടെ ഭാവി സുരക്ഷിതമാക്കുവാൻ ഇവിടത്തെ ഗവൺമെന്റിനും മത-സാംസ്കാരിക പ്രസ്ഥാനങ്ങൾക്കും ഉത്തരവാദിത്വമില്ലേ? ഇവിടെ യുക്തിസഹമായി ചിന്തിക്കാൻ ഗവൺമെന്റും കോടതികളും ശ്രദ്ധിക്കണം.

പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തു കുറച്ചുകൂടി സ്വാതന്ത്ര്യം അനുവദിച്ചാൽ എന്താണു സംഭവിക്കുക എന്നുകൂടി ആലോചിക്കേണ്ട സമയമായി. ഒരു കാലത്ത് ഇവിടെ ടി.വി.യും മൊബൈൽഫോണും സമ്പന്നരുടെ മാത്രം കുത്തകാവകാശമായിരുന്നു. ഇന്ന് അവയൊക്കെ വളരെ വിലക്കുറവിനു മാർക്കറ്റിൽ ലഭ്യമായിക്കഴിഞ്ഞു. പെട്ടിക്കടക്കാരനും വഴിയോരങ്ങളിലെ മത്സ്യക്കച്ചവടക്കാരനും മൊബൈൽ ഫോൺ വാങ്ങാൻ തുടങ്ങിയിരിക്കു ന്നു. എത്ര പെട്ടെന്നാണ് ഇലക്ട്രോണിക് ഉ ത്പന്നങ്ങളുടെ വില കുറഞ്ഞത്? പ്രൊഫഷണൽ വിദ്യാഭ്യാസം സാധാ ണക്കാർക്കും ലഭ്യമാക്കാനുള്ള വഴി കൂടുതൽ പേർ ഈ രംഗത്തു കടന്നുവരികയാണ്. അതുവഴിയുണ്ടാകുന്ന മത്സരംമൂലം നല്ല നിലവാരത്തിലും ചെലവു കുറഞ്ഞതുമായ ഉന്നതവിദ്യാഭ്യാസം സാധാരണക്കാർക്കുപോലും ലഭ്യ മാകാനാണു സാദ്ധ്യത. നിലവാരം കുറഞ്ഞവ സ്വാഭാവികമായും മുമ്പോട്ടുപോകില്ല. അത്തരം സ്ഥാപനങ്ങളെ ഖജ നാവിൽനിന്നു സഹായിക്കുന്നതിലും തെറ്റില്ല. വ്യവസായസ്ഥാപനങ്ങൾക്കുപോലും ഇത്തരം സാഹചര്യങ്ങളിൽ സഹായം കൊടുക്കാറുണ്ടല്ലോ.

ആവശ്യത്തിലധികം സ്ഥാപനങ്ങൾ ഉണ്ടാകുമെന്ന ആകാംക്ഷ യ്ക്കു കാരണമില്ല. പണം മുടക്കി സ്ഥാപന ങ്ങൾ തുടങ്ങുന്നവനും ഫീസ് കൊടുക്കുന്നവനും കണക്കുകൂട്ടി നോക്കുമല്ലോ. എങ്കിലും, അനുവാദം കൊടുക്കു മ്പോൾ, ഒരു സ്ഥാപനത്തിൽ നിന്നുള്ള ദൂരപരിധി, നിശ്ചിത ശതമാനം പിന്നോക്ക വിദ്യാർത്ഥികൾക്കു പ്രവേശനം തുടങ്ങിയ കാര്യങ്ങളിൽ ചില നിയന്ത്രണങ്ങൾ വയ്ക്കുന്നതിലും അപാകതയൊന്നുമില്ല.

ഇങ്ങനെയൊരു സമീപനമെടുത്താൽ ന്യൂനപക്ഷപദവിയുടെ പേ രിൽ തർക്കങ്ങൾ സ്വാഭാവികമായും ഇല്ലാതാ കും. ഒരു സമുദായത്തിനു സ്ഥാപനങ്ങൾ കൂടുതലായിപ്പോയെന്ന പ്രയാസവും ഉന്നയിക്കപ്പെടില്ല. ഇതൊക്കെ ചെയ്യ ണമെങ്കിൽ രാഷ്ട്രീയ ഇച്ഛാശക്തി വേണം. വിദ്യാർത്ഥി സംഘടനകളുടെ അപക്വമായ പ്രതിഷേധങ്ങളും വികാര പ്രകടനങ്ങളും പേടിച്ചിരുന്നാൽ വിദ്യാഭ്യാസമേഖലയിലെ അതിസങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് ഒരിക്കലും പരി ഹാരം കണ്ടെത്താനാകില്ല. ഓരോ അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിലും അരങ്ങേറുന്ന പ്രതിഷേധങ്ങൾകൊണ്ടു പൊതുജനം മടുക്കാത്തത് ഇതൊരു തഴക്കമായതുകൊണ്ടാകും. വർഷംതോറും മാധ്യമങ്ങൾ അതൊരു ഉത്സവ മാക്കി മാറ്റുന്നുതു വിനോദത്തിനുള്ള അവസരമായിക്കൂടി പൊതുജനങ്ങൾ കാണാൻ തുടങ്ങിയിട്ടുണ്ട്. ഈ വർഷ

മത് ഒരു ലോകകപ്പിന്റെ ഗുണം ചെയ്തു. വലിയ പോർവിളിക്കാരെ നിരത്തി കൈയടി വാങ്ങുന്നതിൽ പല ടി.വി. ചാനലുകളും വിജയിക്കുകയും ചെയ്തു.

ഇതിനൊക്കെ എന്നേയ്ക്കുമായി പരിഹാരം കണ്ടെത്തുന്നതിനു ള്ള ചർച്ചകളാണ് എല്ലാവരുംകൂടി ഇവിടെ നടത്തേണ്ടത്. പരസ്പരവിശ്വാസത്തിന്റെയും ആദരവിന്റെയും അന്തരീക്ഷം സൃഷ്ടിക്കാൻ എല്ലാവരും തയ്യാറായെങ്കിൽ മാത്രമേ യഥാർത്ഥ സമവായം രൂപപ്പെടുകയുള്ളൂ. അർത്ഥവത്തായ പരിഹാരനിർദ്ദേശങ്ങൾ പലേടത്തു നിന്നും ഉയർന്നുവരാം. ഉള്ളു തുറന്ന ചർച്ചയ്ക്കുള്ള സാഹചര്യം സൃഷ്ടിക്കാനാണു ബന്ധപ്പെട്ട അധികാരികൾ മുൻകൈയെടുക്കേണ്ടത്.